**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1568** **12-02-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | 29.09.2020 - ലെ സ.ഉ(സാധാ) നം.374/2020/ സാം.കാ.വ. ഉത്തരവ് പ്രകാരം ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സ്ഥാപിക്കുന്നതിന് 142 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. എന്നാൽ മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള കെട്ടിടം റവന്യൂ വകുപ്പിൽ നിന്നും കൈമാറി ലഭ്യമാകുന്നതിനുള്ള നടപടികൾ വൈകിയതു കാരണം കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ തുടങ്ങുന്നതിന് കാലതാമസം നേരിട്ടിരുന്നു. നിലവിൽ മ്യൂസിയം സജ്ജീകരിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവർത്തികൾ പുരാവസ്തു വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. ചാലക്കുടിയിൽ ട്രാംവേ മ്യൂസിയം സജ്ജീകരിക്കുന്നതിനു വേണ്ടി അത്യാവശ്യം വേണ്ട ഘടകങ്ങൾ ഉൾപ്പെടുത്തി കേരളം മ്യൂസിയം സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | ട്രാംവേ റെയിൽ മ്യൂസിയം എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | മ്യൂസിയം സജ്ജീകരണത്തിനായുള്ള ആദ്യ ഗഡു ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കേരളം മ്യൂസിയവുമായി കരാറിൽ ഏർപ്പെട്ട് ട്രാംവേ മ്യൂസിയത്തിന്റെ പ്രവൃത്തി ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ